"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി ബിന്ദു ജി.ആർ., സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിലെ അന്യത്രസേവന കാലയളവ് ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവ്വീസസ്-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.**2921/2025/GAD** തീയതി,തിരുവനന്തപുരം, **04-07-2025**

---

പരാമർശം:-
1. സ.ഉ (സാധാ)നം.**3483/2024**/പൊഭവ തീയതി **04.07.2024**
2. കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ സെക്രട്ടറിയുടെ **19.06.2025** ലെ **6394/G8-Admn/SIC/2025** നമ്പർ കത്ത്

**ഉത്തരവ്**

പൊതുഭരണ വകുപ്പിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയ ശ്രീമതി ബിന്ദു ജി.ആർ.-നെ (പെൻ-584291) പരാമർശം (1) ഉത്തരവ് പ്രകാരം കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി **05.08.2025**-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ **06.08.2025** മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് തടസ്സമില്ലെന്ന് കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ സെക്രട്ടറി പരാമർശം (2) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ പൊതുഭരണ വകുപ്പിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയ ശ്രീമതി ബിന്ദു ജി.ആർ.-ന്റെ കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്രസേവന കാലയളവ്, അന്യത്രസേവന നിയമം സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി, **06.08.2025** മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ
ശ്രീമതി ബിന്ദു ജി.ആർ., സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
പൊതുഭരണ (അക്കൗണ്ട്സ്-എച്ച്/AMC) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Renjith M S
Date: 05-07-2025 15:35:58
സെക്ഷൻ ഓഫീസർ